റിപ്പോർട്ട്

# അറിവും ആവേശവും പകർന്ന ഗൾഫ് വിദ്യാർഥി സംഗമം

**പുതിയ** ജീവിത ശീലങ്ങൾ പകർന്നു നൽകുന്നതായിരുന്നു ഗൾഫിൽ പഠിച്ചുകൊണ്ടിരിക്കുന്ന മലയാളി വിദ്യാർഥികൾക്കു വേണ്ടി എസ്.ഐ.ഒ കേരള സോൺ കോഴിക്കോട് ചാലിയത്ത് സംഘടിപ്പിച്ച 'വെക്കേഷൻ ഗെറ്റ് എവേ'ക്യാമ്പ്. മൂന്നു ദിവസം കുടുംബത്തെ വിട്ടുപിരിഞ്ഞു നിൽക്കുന്നത് ആലോചിക്കാൻ പോലും സാധിച്ചിരുന്നില്ല. എന്നാൽ ക്യാമ്പവസാനിക്കുമ്പോഴേക്ക് ജീവിതത്തെക്കുറിച്ച പുതിയ കാഴ്ചപ്പാടുകൾ ഞങ്ങൾക്ക് ലഭിച്ചിരുന്നു. മണലാരണ്യത്തിൽ അടച്ചിട്ട ഫ്ളാറ്റുകളിൽ അടക്കം പറഞ്ഞ് കഴിയേണ്ടിവരുന്ന ഞങ്ങൾക്ക് കൂട്ടു കുടുംബങ്ങളുടെ മാധുര്യം നുണഞ്ഞ് പരസ്പരം സഹകരിച്ചും തിരുത്തിയും സഹവസിക്കാൻ അവസരം കിട്ടിയത് നവ്യാനുഭവമായിരുന്നു. കഴിഞ്ഞ ഒരുപാട് വർഷങ്ങളായി ഞങ്ങൾക്ക് നഷ്ടപ്പെട്ട എന്തൊക്കെയോ ക്യാമ്പിലൂടെ മനസ്സിലാക്കാനും തിരിച്ചു പിടിക്കാനും കഴിഞ്ഞതായി അനുഭവപ്പെട്ടു. ഒരു വിദ്യാർഥിയെന്ന നിലക്ക് തെറ്റുകൾ തിരുത്താൻ മാത്രമല്ല, ഭാവിജീവിതത്തിലേക്കുള്ള ഒരധ്യാപകൻ കൂടിയാണ് ക്യാമ്പനുഭവങ്ങളും പാഠങ്ങളും.

50 ക്യാമ്പംഗങ്ങളും 10 ട്രെയിനേഴ്സുമടക്കം 60 പേരാണ് ക്യാമ്പിലുണ്ടായിരുന്നത്. ഓരോ ക്യാമ്പംഗവും ഒരു വജ്രമാലയിലെ മുത്തുകൾ പോലെ ജ്വലിച്ചുനിന്നു. പഠന ക്ലാസുകൾ, ഗ്രൂപ്പ് ഗെയിംസ്, കലാ കായിക മത്സരങ്ങൾ, ആസ്വാദന പരിപാടികൾ, വിനോദയാത്ര തുടങ്ങി ക്യാമ്പിലെ ഒരു നിമിഷവും വിരസമായിരുന്നില്ല.

വിദ്യാർഥി സമൂഹത്തിന്റെ ബാധ്യതകളെയും അവസരങ്ങളെയും ഓർമിപ്പിച്ചുകൊണ്ട് ജമാഅത്തെ ഇസ്ലാമി അസി.അമീർ ശൈഖ് മുഹമ്മദ് കാരക്കുന്ന് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. മൂല്യബോധമുള്ള തലമുറക്കു മാത്രമേ മാറ്റത്തിനു വേണ്ടി നിലകൊള്ളാൻ സാധിക്കൂ. വിനോദത്തെയും സമയത്തെയും ക്രിയാത്മകമായി ഉപയോഗപ്പെടുത്തുന്നതിനെ കുറിച്ച് ഡോ. കെ മുഹമ്മദ് നജീബ് നയിച്ച ചർച്ച രസകരവും ചിന്താർഹവുമായിരുന്നു. സോളിഡാരിറ്റി ജനറൽ സെക്രട്ടറി എം.സാജിദ് നയിച്ച മീഡിയ വ്യൂ മാധ്യമങ്ങളെ ക്കുറിച്ച ഒരു കാഴ്ചപ്പാട് ഉരുത്തിരിച്ചെടുക്കാൻ പ്രയോജനപ്പെട്ടു. ജീവിതത്തിൽ ഖുർആന്റെ സ്വാധീനം എടുത്തുകാണിച്ച് എസ്.ഐ.ഒ കേന്ദ്ര സമിതിയംഗം ടി.ശാക്കിർ നയിച്ച പഠന ക്ലാസ് ഹൃദ്യമായി. മാതാപിതാക്കളോടുള്ള കടപ്പാടും മാതാപിക്കൾക്ക് കുട്ടികളോടുള്ള ബാധ്യതയും ഓർമിപ്പിച്ച് ജമാഅത്തെ ഇസ്ലാമി കേരളാ അമീർ ടി.ആരിഫലി കുട്ടികളുമായി സംവദിച്ചു. സ്വയം തീരുമാനമെടുക്കാൻ അവസരങ്ങളില്ലാതിരിക്കുക, രക്ഷിതാക്കളുടെ തീരുമാനത്തിനനുസരിച്ച് മാത്രം മുന്നോട്ടു പോവുക, മാതാപിതാക്കൾ കുട്ടികളെ മനസ്സിലാക്കാൻ ശ്രമിക്കാതിരിക്കുക, കുടുംബത്തിൽ അമിതമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക തുടങ്ങി ഒട്ടേറെ കാര്യങ്ങൾ കുട്ടികൾ അമീറുമായി പങ്കുവെച്ചു.

കലാ-കായിക മത്സരങ്ങളിലും ഗ്രൂപ്പ്ഗെയിമുകളിലും ക്യാമ്പംഗങ്ങളുടെ സജീവ പങ്കാളിത്തം ക്യാമ്പിനെ ആവേശകരമാക്കി. മണലാരണ്യത്തിൽ തളച്ചിടപ്പെട്ട കളിയാവേശം ക്യാമ്പിൽ പൊട്ടിയൊഴുകിയപ്പോൾ ഓരോരുത്തരുടെയും കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദികൂടിയായി ക്യാമ്പ്. ക്യാമ്പിലെ ഐസ് ബ്രേക്കിംഗ് സെഷനു

കൾ തുറന്ന മനസ്സോടെ സഹവസിക്കുന്നതിന് അവസരമൊരുക്കി. പ്രകൃതി സുന്ദരമായ നിലമ്പൂർ ആഢ്യൻ പാറയിലേക്കും കനോലിപ്ലോട്ടിലേക്കുമുള്ള യാത്ര മനസ്സിലെന്നും തങ്ങിനിൽക്കും.

തികച്ചും വ്യത്യസ്തമായ സാഹചര്യത്തിൽ വളർന്ന ഗൾഫ് മലയാളി വിദ്യാർഥികൾക്ക് വല്ലാത്തൊരനുഭവം തന്നെയായിരുന്നു 'ഗെറ്റ് എവേ' ക്യാമ്പ്. അക്കാദമിക രംഗത്ത് ഗൾഫ് മലയാളി വിദ്യാർഥികൾ കൂടുതൽ മികവ് കാണിക്കുന്നുണ്ടെങ്കിലും അതിനെ ക്രിയാത്മകമായി ഉപയോഗപ്പെടുത്താനുള്ള അവസരങ്ങൾ കുറവാണെന്ന് ക്യാമ്പിൽ പരാതി ഉയർന്നു. ക്യാമ്പനുഭവങ്ങൾ ഗൾഫിലെത്തി കൂട്ടുകാരുമായി പങ്കുവെച്ചപ്പോൾ അവരും ആവേശത്തോടെ തീരുമാനിച്ചുകഴിഞ്ഞു, അടുത്ത വർഷം ആദ്യത്തെ ക്യാമ്പംഗങ്ങളായി ഞങ്ങളുമുണ്ടാവും!

**ഫാത്തിമ ബിൻഹ ബഷീർ**
തലശ്ശേരി
(സുഊദി അറേബ്യയിൽ ഹയർസെക്കന്ററി വിദ്യാർഥിനി)